U1/51209/2016/PHQ

പോലീസ് ആസ്ഥാനം, കേരളം
തിരുവനന്തപുരം 695010
തീയതി : 02/04/2016

## സർക്കുലർ നമ്പർ : 02/2016

**വിഷയം:** **മോട്ടോർ വാഹനങ്ങൾ പൊതുനിരത്തുപയോഗിക്കുമ്പോൾ പോലീസ് ഉദ്യോഗസ്ഥർക്ക് വാഹനപരിശോധനയിൽ നിയമപരമായി ആവശ്യപ്പെടാവുന്ന അസ്സൽ രേഖകളും വാഹനം പിടിച്ചെടുത്ത് പോലീസ് അധീനതയിൽ സൂക്ഷിക്കാവുന്ന സാഹചര്യങ്ങളും സംബന്ധിച്ച്.**

സൂചന: പോലീസ് ആസ്ഥാനത്തുനിന്നുള്ള Executive Directive 7/2015, 5/2004, സർക്കുലർ നം. 33/2009,31/1994, 13/1989 എന്നിവ.

1988–ലെ മോട്ടോർ വാഹനനിയമം 130,206,207 എന്നീ വകുപ്പുകൾ പ്രകാരവും 1989–ലെ കേന്ദ്ര മോട്ടോർ വാഹനചട്ടം 139–ാം ചട്ടപ്രകാരവും, മോട്ടോർ വാഹനങ്ങൾ പൊതു നിരത്തുപയോഗിക്കുമ്പോൾ വാഹന ഉടമ അല്ലെങ്കിൽ ഡ്രൈവർ എന്നിവർ വാഹനത്തിൽ സൂക്ഷിക്കേണ്ട രേഖകളെ കുറിച്ചും പരിശോധനാ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായ ഉത്തരവാദിത്വത്തെ ക്കുറിച്ചും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ പോലീസ് ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയിൽ ചിലർ നിയമപിൻബലമില്ലാതെ രേഖകൾ ആവശ്യപ്പെടുന്നതു നിമിത്തം വാഹനങ്ങളിൽ സഞ്ചരിക്കുന്നവർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ വാഹന പരിശോധനയിൽ പോലീസ് ഉദ്യോഗസ്ഥർക്ക് നിയമപരമായി ആവശ്യപ്പെടാവുന്ന അസ്സൽ രേഖകളെക്കുറിച്ചും വാഹനം പിടിച്ചെടുത്ത് പോലീസ് അധീനതയിൽ സൂക്ഷിക്കാവുന്ന നിയമപരമായ സാഹചര്യങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന താഴെപ്പറയുന്ന നിയമവ്യവസ്ഥകൾ പരിശോധന സമയത്ത് എല്ലാ പോലീസ് ഉദ്യോഗസ്ഥരും പാലിച്ചിരിക്കേണ്ടതാണ്.

1988–ലെ മോട്ടോർ വാഹന നിയമം 130(1)–ാം വകുപ്പ് പ്രകാരം പൊതു സ്ഥലത്തുള്ള ഒരു മോട്ടോർ വാഹനത്തിന്റെ ഡ്രൈവർ തന്റെ ഡ്രൈവിംഗ് ലൈസൻസിന്റെ അസ്സൽ രേഖ യൂണിഫോം ധരിച്ച പോലീസ് ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നതനുസരിച്ച് പരിശോധനയ്ക്കായി ഹാജാരാക്കേണ്ടതാണ്. എന്നാൽ ഡ്രൈവിംഗ് ലൈസൻസ്, നിയമപ്രകാരം എതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ സമർപ്പിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിലും നിയമപ്രകാരം ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ ഡ്രൈവിംഗ് ലൈസൻസ് പിടിച്ചെടുത്ത സാഹചര്യത്തിലും പ്രസ്തുത ഉദ്യോഗസ്ഥൻ നൽകിയ രസീതിന്റെ അസ്സൽ (ഒറിജിനൽ) ലൈസൻസിന് പകരമായി ഹാജരാക്കേണ്ടതും പിന്നീട് നിശ്ചിത സമയപരിധിക്കുള്ളിൽ ആവശ്യം ഉന്നയിച്ച പോലീസ് ഉദ്യോഗസ്ഥൻ മുൻപാകെ അസ്സൽ ലൈസൻസ് ഹാജാക്കേണ്ടതുമാണ്.

മേൽ വ്യവസ്ഥയിൽ ഡ്രൈവർ രസീതിന്റെ അസ്സൽ ഹാജരാക്കേണ്ടി വരുന്ന രണ്ടു സാഹചര്യങ്ങൾ 130(1)–ാം വകുപ്പിനോടനുബന്ധിച്ചുള്ള ക്ളിപ്ത നിബന്ധയിൽ വ്യക്തമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ഈ രണ്ട് സാഹചര്യങ്ങളിലല്ലാതെ അസ്സൽ ഡ്രൈവിംഗ് ലൈസൻസിനു പകരമായി യാതൊരു രേഖയും ഹാജരാക്കാവുന്നതോ പരിശോധിക്കാവുന്നതോ അല്ലായെന്നത് ശ്രദ്ധേയമാണ്. കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ 139–ാം ചട്ട പ്രകാരം ഒരു മോട്ടോർ വാഹനത്തിന്റെ ഡ്രൈവർക്ക് അസ്സൽ രേഖകൾ കൈവശമില്ലാത്ത പക്ഷം മറ്റ് രേഖകൾ പോലെ തന്നെ ഡ്രൈവിംഗ് ലൈസൻസിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ആവശ്യം ഉന്നയിച്ച ഉദ്യോഗസ്ഥനു മുമ്പാകെ നേരിട്ട് ഹാജരാക്കുകയോ അയച്ചു കൊടുക്കുകയോ ചെയ്യാവുന്നതാണെന്ന് പരാമർശിക്കുന്നുണ്ട്. എന്നാൽ കേന്ദ്ര ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് കേന്ദ്ര നിയമത്തിലെ വ്യവസ്ഥകളുമായി വൈരുദ്ധ്യമുള്ള പക്ഷം കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ നിലനിൽക്കുന്നതാണ്.

അതിനാൽ മോട്ടോർ വാഹനനിയമത്തിലെ 130(1)–ാം വകുപ്പിന്റെ ക്ളിപ്ത നിബന്ധനയിൽ ഉൾപ്പെട്ടുവരാത്ത സാഹചര്യങ്ങളിലെല്ലാം തന്നെ അസ്സൽ ഡ്രൈവിംഗ് ലൈസൻസ് നിർബന്ധമാണെന്നും അസ്സൽ ഹാജരാക്കാത്ത പക്ഷം ശിക്ഷാർഹമാണെന്നും വ്യക്തമാക്കുന്നു.

മോട്ടോർ വാഹനനിയമം 158–ാം വകുപ്പു പ്രകാരം സംസ്ഥാന സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള യൂണിഫോം ധരിച്ച ഒരു പോലീസ് ഉദ്യോഗസ്ഥന് പൊതുസ്ഥലത്ത് മോട്ടോർ വാഹനം ഓടിക്കുന്ന ഒരാളിൽ നിന്നും ഡ്രൈവിംഗ് ലൈസൻസിന് പുറമെ താഴെപ്പറയുന്ന രേഖകളും ആവശ്യപ്പെടാവുന്നതാണ്, അതായത്

1. ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്
2. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
3. ട്രാൻസ്പോർട്ട് വാഹനമാണെങ്കിൽ ആക്റ്റിന്റെ 56–ാം വകുപ്പിൽ പരാമർശിക്കുന്ന വാഹനത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട ഫിറ്റ്നസ് സർട്ടിഫിക്കറ്റും പെർമിറ്റും.

കേന്ദ്ര ചട്ടങ്ങളിലെ 139–ാം ചട്ടമനുസരിച്ചും മേൽപ്പറഞ്ഞ രേഖകളെല്ലാം തന്നെ യൂണിഫോം ധരിച്ച ഒരു പോലീസ് ഉദ്യോഗസ്ഥന് ആവശ്യപ്പെടാവുന്നതാണ്.

മോട്ടോർ വാഹനനിയമം 206(1)–ാം വകുപ്പ് പ്രകാരം ഒരു പോലീസ് ഉദ്യോഗസ്ഥന് ഒരു മോട്ടോർ വാഹനത്തിന്റെ തിരിച്ചറിയൽ അടയാളമോ, വാഹനത്തിന്റെ ഡ്രൈവർ ഹാജരാക്കുന്ന ലൈസൻസോ പെർമിറ്റോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റോ മറ്റു രേഖകളോ ഇൻഡ്യൻ ശിക്ഷാ നിയമം 464–ാം വകുപ്പിൻ കീഴിൽ വ്യാജ നിർമ്മിതമാണെന്ന് വിശ്വസിക്കുവാൻ കാരണമാകുന്ന പക്ഷം പ്രസ്തുത അടയാളമോ, രേഖയോ പിടിച്ചെടുത്ത് വാഹന ഉടമ അല്ലെങ്കിൽ ഡ്രൈവർ ഇവരിൽ ഉചിതമെന്ന് തോന്നുന്ന ആളിനെ വിളിച്ചു വരുത്തി സംശയനിവാരണം അല്ലെങ്കിൽ സ്ഥിരീകരണം നടത്താവുന്നതാണ്. 206(2)–ാം വകുപ്പ് പ്രകാരം പോലീസുദ്യോഗസ്ഥന് ഒരു മോട്ടോർ വാഹനത്തിന്റെ ഡ്രൈവറിൽ മോട്ടോർ വാഹനനിയമപ്രകാരമുള്ള ഏതെങ്കിലും കുറ്റം ആരോപിക്കപ്പെട്ടതായോ ഡ്രൈവർ ഒളിവിൽ പോകാനോ സമൻസ് കൈപ്പറ്റാതിരിക്കാനോ സാദ്ധ്യതയുള്ളതായോ വിശ്വസിക്കുവാൻ കാരണമാകുന്ന പക്ഷം പ്രസ്തുത ഡ്രൈവറുടെ ലൈസൻസ് പിടിച്ചെടുത്ത് ബന്ധപ്പെട്ട കോടതിക്ക് സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലൈസൻസ് പിടിച്ചെടുക്കുമ്പോൾ താൽക്കാലികമായി ഒരു കൈപ്പറ്റു രസീത് ലൈസൻസ് സമർപ്പിക്കുന്ന ആൾക്ക് നിർബന്ധമായും നൽകിയിരിക്കേണ്ടതാണെന്ന് 206(3)–ാം വകുപ്പ് നിഷ്ക്കർഷിക്കുന്നു. ഇതുപയോഗിച്ച് രസീതിൽ പറഞ്ഞിരിക്കുന്ന കാലാവധി വരെ വാഹനം ഓടിക്കാവുന്നതാണ്. കുറ്റാരോപിതന്റേതല്ലാത്ത കാരണത്താൽ രസീതിന്റെ കാലാവധി കഴിഞ്ഞിട്ടും കേസ് തീർപ്പ് കൽപ്പിക്കാൻ കഴിയാതെ പോയാൽ രസീത് കാലാവധി രേഖാമൂലം നീട്ടി നൽകുവാനും 206(3)–ാം വകുപ്പ് പ്രകാരം പോലീസ് ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണെന്ന് ഓർമ്മിപ്പിക്കുന്നു.

മോട്ടോർ വാഹനനിയമം 207–ാം വകുപ്പ് പ്രകാരം പോലീസ് ഉദ്യോഗസ്ഥർക്ക് താഴെപ്പറയുന്ന സന്ദർഭങ്ങളിൽ ഒരു വാഹനം പിടിച്ചെടുക്കുവാനും തടഞ്ഞുവയ്ക്കുവാനും അധികാരം നൽകിയിട്ടുണ്ട്.

1. മോട്ടോർ വാഹനനിയമം 3,4,39 എന്നീ വകുപ്പുകളിലെ (യഥാക്രമം ഡ്രൈവിംഗ് ലൈസൻസ്, പ്രായപരിധി, രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ച്) വ്യവസ്ഥകൾക്ക് വിരുദ്ധമായി വാഹനം ഉപയോഗിക്കുമ്പോൾ.
2. മോട്ടോർ വാഹനനിയമം 66(1)–ാം വകുപ്പ് പ്രകാരമുള്ള പെർമിറ്റില്ലാതെ വാഹനം ഉപയോഗിക്കുമ്പോൾ.
3. പെർമിറ്റിലെ റൂട്ടിനെയും സ്ഥലത്തെയും വാഹനം ഉപയോഗിക്കുന്ന ഉദ്ദേശങ്ങളെയും സംബന്ധിച്ചുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി വാഹനം ഉപയോഗിക്കുമ്പോൾ.

എന്നാൽ മുകളിൽ പറഞ്ഞിരിക്കുന്ന സന്ദർഭങ്ങളിൽ 3, 4, 66(1) എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി വാഹനം ഉപയോഗിക്കുമ്പോൾ വാഹനം പിടിച്ചെടുക്കുന്നതിനു പകരം

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പിടിച്ചെടുത്ത് കൈപ്പറ്റു രസീത് നൽകുന്നതിനുള്ള അധികാരവും പോലീസ് ഉദ്യോഗസ്ഥർക്കുണ്ട് എന്നത് എല്ലാ ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1973–ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 102–ാം വകുപ്പ് പ്രകാരം ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന് കളവ് ചെയ്യപ്പെട്ടതായി ആരോപിക്കപ്പെടുകയോ, സംശയിക്കപ്പെടുകയോ ചെയ്യുന്നതോ, ഏതെങ്കിലും കുറ്റം സംഭവിച്ചതായി സംശയിക്കപ്പെടുകയോ ചെയ്യുന്നതോ, ഏതെങ്കിലും കുറ്റം സംഭവിച്ചതായി സംശയം സൃഷ്ടിക്കുന്ന പരിതസ്ഥിതികളിൽ കണ്ടെത്തുന്നതോ ആയ ഏതു വസ്തുവും പിടിച്ചെടുക്കാവുന്നതാണ്. ഇത്തരത്തിൽ പിടിച്ചെടുക്കാവുന്ന വസ്തുക്കളിൽ മോട്ടോർ വാഹനങ്ങളും ഉൾപ്പെടുന്നതാണ്. അതിനാൽ 102–ാം വകുപ്പിൻ കീഴിൽ പിടിച്ചെടുക്കുന്ന മോട്ടോർ വാഹനങ്ങളെ സംബന്ധിച്ചിടത്തോളം ക്രിമിനൽ നടപടി നിയമസംഹിത 102–ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമം പാലിച്ചുകൊണ്ടുമാത്രം പിടിച്ചെടുത്ത വാഹനങ്ങളെ സംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

മോട്ടോർ വാഹനനിയമവും ചട്ടങ്ങളും അനുസരിച്ചും ക്രിമിനൽ നടപടി നിയമ സംഹിതപ്രകാരവും മേൽപ്പറഞ്ഞ അധികാരങ്ങൾ പോലീസുദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളത് നിയമവ്യവസ്ഥകളുടെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തുവാനും ക്രിമിനൽ നടപടി നിയമപ്രകാരമുള്ള കുറ്റാന്വേഷണം ഫലപ്രദമാക്കുവാനുമാണ്. അതിനാൽ വാഹനസംബന്ധമായ രേഖകൾ ആവശ്യപ്പെടുവാനും വാഹനവും രേഖകളും പിടിച്ചെടുക്കുവാനുമുള്ള നിയമപരമായ അധികാരങ്ങൾ നിയമത്തിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്കുവേണ്ടിമാത്രം നടപടിക്രമങ്ങൾ പാലിച്ച് വിനിയോഗിക്കേണ്ടതാണ്. മേൽപ്പറഞ്ഞ അധികാരങ്ങൾ എല്ലാ പോലീസ് ഉദ്യോഗസ്ഥരും ഓരോ കേസിന്റേയും വസ്തുതകൾ കണക്കിലെടുത്ത്, കാര്യക്ഷമമായി നിയമംപാലിക്കുന്ന പൊതുജനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്തതരത്തിൽ നിയമപരമായി ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ടി. പി. സെൻകുമാർ ഐ.പി.എസ്
സംസ്ഥാന പോലീസ് മേധാവി

ഗ്രാഹകർ : എല്ലാ ലിസ്റ്റ് 'ഡി' ഓഫീസർമാർക്കും
– അറിവിലേക്കും അനന്തരനടപടികൾക്കുമായി

പകർപ്പ് : സർക്കുലർ രജിസ്റ്റർ, പോലീസ് വെബ്സൈററ്